പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 7143. 16.7.2012-ൽ

മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉന്നത വിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(എ) ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിന് കളമൊരുക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റേണ്ട ഏജൻസിയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കേണ്ട ചുമതല ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്. പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റിക്കൊണ്ട് കൗൺസിൽ രൂപം നൽകിയ ഉന്നതതല വിദഗ്ധ സമിതികളുടെപ്രവർത്തനങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.

(ബി) മുൻ കൗൺസിൽ ഇക്കാര്യത്തിൽ എന്തൊക്കെ ശുപാർശകളാണ് സമർപ്പിച്ചിരുന്നത്; മുൻ സർക്കാർ അവയിൽ ഏതൊക്കെ നടപ്പാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

(ബി) വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

- ഡിഗ്രതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം (സി.ബി.സി.എസ്.എസ്) അവലോകനം ചെയ്യുന്നതിന് പ്രൊഫ.ഹൃദയകുമാരിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി.
- കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണമേന്മയും അധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി ഒരു സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനു മുന്നോടിയായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഡോ.എ.ജ്ഞാനത്തിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി.
- യൂണിവേഴ്സിറ്റി നിയമങ്ങൾ അവലോകനം ചെയ്യാൻ ഡോ.ചന്ദ്രശേഖരൻപിള്ളയുടെ അധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി.
- ഇൻസ്റ്റിറ്റ്യൂഷൻ - ഇൻഡസ്ട്രി ലിങ്കേജിന്റെ സാധ്യതകൾ പഠിക്കാൻ രൂപീകരിച്ചിരിക്കുന്ന ശ്രീ.രാജീവ് ശ്രീനിവാസൻ അധ്യക്ഷനായ കമ്മിറ്റി.
- സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ ഡോ.ജെ.എ.കെ.തരീൻ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി.
- അദ്ധ്യാപകേതര ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല പ്രൊ.വൈസ് ചാൻസലർ പ്രൊഫ.രവീന്ദ്രനാഥ് ചെയർമാനായുള്ള കമ്മിറ്റി.
- തിരുവനന്തപുരവും കൊച്ചിയും കോഴിക്കോടും ആസ്ഥാനമാക്കി രൂപീകരിച്ചിരുന്ന കോളേജ് ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിന് ഉണർവ്വ് നൽകാനുള്ള ഊർജ്ജിത ശ്രമങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ട കൗൺസിൽ നടത്തി വരുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളെക്കൂടി ക്ലസ്റ്റർ കോളേജ് സംവിധാനത്തിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ വിജയപാതയിലാണ്. ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിന് കൗൺസിൽ വൈസ് ചെയർമാൻ തന്നെ അധ്യക്ഷനായ പ്രത്യേക സമിതിയും രൂപീകരിച്ചു കഴിഞ്ഞു.
- 2009-10 അക്കാദമിക വർഷം മുതൽ നടപ്പിലാക്കിത്തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി 2011-12 അക്കാദമിക വർഷവും നടപ്പിലാക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച 1006 വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ പുതുക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.
- ഉന്നതവിദ്യാഭ്യാസ ത്തെ ആസ്പദമാക്കി കൗൺസിൽ 2012 ജൂൺ 4,5 തിയതികളിൽ തിരുവനന്തപുരത്തുവച്ച് ദേശീയസെമിനാർ നടത്തുകയുണ്ടായി. കേരളത്തിലെ പി.ജി കോളേജുകളിലെ പ്രിൻസിപ്പൽമാർ, അദ്ധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ അദ്ധ്യാപകേതര ജീവനക്കാർ , മാനേജ്മെന്റ് പ്രതിനിധികൾ, വിദ്യാഭ്യാസ വിചക്ഷണർ തുടങ്ങിയവർ ദേശീയ സെമിനാറിൽ പങ്കെടുത്തു.
- ഉന്നതവിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ " Higher Education 2.0" എന്ന

പേരിൽ അന്തർദേശീയ ജേർണൽ പ്രസിദ്ധീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

- കോളേജ്, യൂണിവേഴ്സിറ്റി അധ്യാപകർക്ക് അവരവരുടെ വിഷയങ്ങളിലും അനുബന്ധമേഖലകളിലും തീവ്രപരിശീലനം നൽകാനുള്ള ഒരു ബൃഹത് പദ്ധതിക്ക് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. പരിശീലന പരമ്പരയിൽപ്പെടുന്ന നിയമാധ്യാപകർക്കുള്ള പരിശീലന പരിപാടി 2012 മെയ് 28 ാം തിയതി മുതൽ ജൂൺ 1 വരെ കുസാറ്റിൽ നടത്തുകയുണ്ടായി. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.
- ഡേറ്റാ ബാങ്ക് പദ്ധതിയുടെ ഭാഗമായി സ്വരൂപിക്കാൻ കഴിഞ്ഞ ഡേറ്റാ സമഗ്രമായി അപ്ഗ്രേഡ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.
- നോബൽ ജേതാക്കളെടക്കം പ്രമുഖ പണ്ഡിതന്മാരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സ്കോളർ ഇൻ-റെസിഡൻസ് പ്രോഗ്രാം കൂടുതൽ കാര്യക്ഷമമായി നടന്നുവരുന്നു.
- ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കൗൺസിൽ വിദഗ്ദ്ധോപദേശം നൽകി വരുന്നു.

അനുബന്ധം (2)

ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.എം.വിജയൻ അധ്യക്ഷനായ സമിതി സംസ്ഥാനത്തെ ബിരുദ തലത്തിൽ ചോയിസ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ശുപാർശകൾ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിൽ ചോയിസ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും നിലവിൽ വന്നു.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയരേഖ രൂപീകരിക്കുന്നതിനായി പ്രൊഫ.യു.ആർ.അനന്തമൂർത്തി അധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിരുന്നു. സമിതിയുടെ അന്തിമ റിപ്പോർട്ട് മുൻ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ശുപാർശകളിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നില്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ വൈസ് ചാൻസലർ ഡോ.ബാബു ജോസഫ് അധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ ക്ലസ്റ്റർ കോളേജുകൾ നിലവിൽ വന്നു.

സർവ്വകലാശാലാ നിയമങ്ങൾ പുന: പരിശോധിക്കുന്നതിനായി രൂപീകരിച്ച ഡോ.എം.അനന്ത കൃഷ്ണൻ സമിതി 2010 ൽ റിപ്പോർട്ട് മുൻ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ശുപാർശകളിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നില്ല.

അടിസ്ഥാന വിഷയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മെറിറ്റ് കം സ്കോളർഷിപ്പുകൾ നൽകുന്നതിനുമായി ഒരു ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയ്ക്ക് രൂപം നൽകുകയും സ്കോളർഷിപ്പുകൾ നൽകിവരികയും ചെയ്യുന്നു.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡേറ്റാബാങ്ക് തയ്യാറാക്കി വെബ്സൈറ്റിൽ നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. പദ്ധതികളുടെ അവസാന ഘട്ടം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നോബൽ സമ്മാന ജേതാക്കളടക്കം പ്രമുഖ പണ്ഡിതന്മാരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2009 – 10 മുതൽ സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം എറുഡൈറ്റ് എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സർവ്വകലാശാല വിദ്യാർത്ഥികൾക്കും അക്കാദമിക

സുപ്രസിദ്ധരും ഉന്നതശീർഷരുമായ പണ്ഡിതന്മാരുമായി സംവദിക്കാൻ അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതര സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുമായി സഹകരിച്ച് 2009 – 10 ൽ ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം നടപ്പിലാക്കി.

മെമ്പർ സെക്രട്ടറി